<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243**</u> <u>**04-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജന്മാരുടെ സ്റ്റൈപ്പൻഡ്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജന്മാർക്ക് സർക്കാർ മെഡിക്കൽ കോളജുകളിലേതിന് തുല്യമായ സ്റ്റൈപ്പൻഡ് നൽകണമെന്ന ഉത്തരവ് പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ നടപ്പാക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (എ) | സർക്കാർ കോളേജുകളിലെ PG & UG ഇന്റേൺസിന് നൽകുന്ന സ്റ്റൈപ്പന്റിന് തുല്യമായി തന്നെ സ്വകാര്യ കോളേജുകളിലേയും PG & UG ഇന്റേൺസിന് സ്റ്റൈപ്പന്റ് നൽകണമെന്ന് കേരളാ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന എല്ലാ സ്വകാര്യ കോളേജുകളിലെയും പ്രിൻസിപ്പൽമാർക്ക് 22/01/2016-ലെ 938/AC-H/2016/KUHS നമ്പർ സർക്കുലർ പ്രകാരം കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ